**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2010** **01-09-2022 - ൽ മറുപടിയ്ക്ക്**

**കാപ്പ ചുമത്തുന്നതിന് ശിപാർശ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിക്കെതിരെ വിമാനത്തിൽ പ്രതിഷേധിച്ച പ്രമുഖ പ്രതിപക്ഷ പാർട്ടിയിലെ നേതാവിനെ കാപ്പ ചുമത്തി നാടുകടത്തുവാൻ പോലീസ് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | മുഖ്യമന്ത്രിയെ വിമാനത്തിൽ വച്ച് ആക്രമിക്കാൻ ശ്രമിച്ച രണ്ടു പ്രതികളിലൊരാളായ ഫർസീൻ മജീദ് എന്നയാൾക്കെതിരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ആക്ട് 2007 പ്രകാരം നടപടിക്കായി കണ്ണൂർ സിറ്റി ജില്ലാ പോലീസ് മേധാവി കണ്ണൂർ റേഞ്ച് പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറലിന് 28.07.2022-ൽ ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | ക്രിമിനൽ കേസുകൾ ഉൾപ്പെടെ 40-ൽ പരം കേസുകളിൽ പ്രതിയായ പ്രമുഖ ഭരണപക്ഷ അനുകൂല വിദ്യാർത്ഥി സംഘടനയുടെ സംസ്ഥാന സെക്രട്ടറിയെ കാപ്പ ചുമത്തി നാടുകടത്തുവാൻ പോലീസ് ശിപാർശ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വിദ്യാർത്ഥി സംഘടനകളുടെ പേരോ, വിദ്യാർത്ഥിയുടെ പേരോ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ഗുണ്ടകളെ കാപ്പ നിയമം ചുമത്തി നാടുകടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | 169 |
| (ഡി) | സംസ്ഥാനത്ത് ക്രിമിനൽ കേസ് പ്രതികളും ഗുണ്ടകളും സ്വൈര്യവിഹാരം നടത്തുന്ന സാഹചര്യം നിലനിൽക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അത്തരം ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി സമാധാനപരമായി പ്രതിഷേധിക്കുന്നവരെ കാപ്പ ചുമത്തി നാടുകടത്തുന്നത് നയമാണോ എന്ന് വ്യക്തമാക്കുമോ? | (ഇ) | രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി സമാധാനപരമായി പ്രതിഷേധിക്കുന്ന ആരെയും ഇതുവരെ കാപ്പ ചുമത്തി നാടുകടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ